**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 268** **03-08-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീരകർഷകരുടെ ക്ഷേമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. എ. രാജ,<br>ശ്രീ ജി സ്റ്റീഫൻ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീരോല്പാദന മേഖലയിൽ കർഷകരുടെ സാമൂഹ്യസുരക്ഷ ഉറപ്പാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള ഇൻഷ്വറൻസ് പദ്ധതിയെക്കുറിച്ചും ക്ഷേമനിധിയുടെ പ്രവർത്തനത്തെക്കുറിച്ചും വിശദമാക്കാമോ; ക്ഷീര സാന്ത്വനം പദ്ധതിയിൽ എന്തെല്ലാം ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ക്ഷീരസാന്ത്വനം - സമഗ്ര ഇൻഷ്വറൻസ് പദ്ധതി പ്രകാരം ക്ഷീരകർഷകർ, കുടുംബാംഗങ്ങൾ, അവർ വളർത്തുന്ന കന്നുകാലികൾ എന്നിവയ്ക്ക് ചികിത്സാ സഹായം ഉൾപ്പെടെയുള്ള ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതിയും കൂടാതെ ക്ഷീരകർഷക ക്ഷേമനിധി വഴി 60 വയസ്സ് പൂർത്തിയാക്കിയ ക്ഷീരകർഷകർക്ക് പെൻഷൻ, കുടുംബ പെൻഷൻ, ചികിത്സാ സഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ ധനസഹായം എന്നിവയും സാമൂഹ്യ സുരക്ഷാ പദ്ധതിയായി നടപ്പിലാക്കി വരുന്നു. ക്ഷീരസാന്ത്വനം പദ്ധതിയിൽ ആരോഗ്യ സുരക്ഷാ പോളിസി, അപകട സുരക്ഷാ പോളിസി, ലൈഫ് ഇൻഷ്വറൻസ് പോളിസി, ഗോസുരക്ഷാ പോളിസി എന്നീ ഘടകങ്ങളാണുള്ളത്. ഒരു ക്ഷീരകർഷകൻ ക്ഷേമനിധിയിൽ അംഗമായ ശേഷം അഞ്ചു വർഷമെങ്കിലും കുറഞ്ഞത് അഞ്ഞൂറ് ലിറ്റർ പാൽ പ്രതിവർഷം സംഘത്തിൽ അളക്കുകയും,അറുപത് വയസ്സ് പൂർത്തിയാക്കുകയും ചെയ്താൽ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്. ക്ഷേമനിധിയിൽ അംഗമായ കർഷകൻ ആനുകൂല്യം ലഭിക്കേണ്ട കുറഞ്ഞ കാലയളവിനുള്ളിൽ മരണപ്പെടുകയാണെങ്കിൽ പ്രസ്തുത അംഗത്തിന്റെ അനന്തരാവകാശി ക്ഷേമനിധിയിൽ അംഗമായി തുടർന്നും പാലളക്കുന്നു എങ്കിൽ മരണപ്പെട്ട അംഗം പാലളന്ന കാലയളവു കൂടി അനന്തരാവകാശിയായ അംഗത്തിന് ആനുകൂല്യം ലഭിക്കുന്നതിന് പരിഗണിക്കുന്നതാണ്. |
| (ബി) | മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ കർഷക ഭവനങ്ങളിൽ ജിയോമാപ്പിംഗ് നടത്തുന്നുണ്ടോ; | (ബി) | ഉണ്ട്.മൃഗസംരക്ഷണവകുപ്പിന്റെ നേതൃത്വത്തിൽ കേരളത്തിലെ മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ടിട്ടുള്ള കർഷക ഭവനങ്ങളുടെ ജ്യോഗ്രഫിക് |

| | | | |
|---|---|---|---|
| | ഇതുകൊണ്ട് ലക്ഷ്യമാക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; | | ലൊക്കേഷൻ മാപ്പ് ചെയ്യുന്ന പദ്ധതിയാണിത്. നേട്ടങ്ങൾ : കേരളത്തിലെ, മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ടിട്ടുള്ള മുഴുവൻ വീടുകളും മാപ്പ് ചെയ്യപ്പെടുകയാണെങ്കിൽ, അടിയന്തിര മൃഗചികിത്സ അടക്കം വിവിധ സർക്കാർ സേവനങ്ങൾ ടി കർഷകരുടെ വീട്ടു പടിക്കൽ ലഭ്യമാക്കാൻ സാധിക്കുന്നതാണ്.കൂടാതെ സംസ്ഥാനത്തെ ഏതെങ്കിലും മൃഗത്തിന് സാംക്രമിക രോഗ ബാധയുണ്ടായാൽ ,നിമിഷ നേരം കൊണ്ട് ടി മൃഗം നിൽക്കുന്ന പ്രദേശത്തിനു ചുറ്റുമുള്ള കർഷകരേയും അവരുടെ ഉരുക്കളേയും തിരിച്ചറിയുന്നതിനും,വേണ്ട മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കുന്നതാണ്.കൂടാതെ ഓരോ വർഷവും ഓരോ പ്രദേശത്തും പൊട്ടിപ്പുറപ്പെടാൻ സാധ്യതയുള്ള രോഗങ്ങളെപ്പറ്റി കർഷകർക്ക് മുൻകൂർ വിവരം നൽകാനും വേണ്ട മുൻകരുതലുകൾ സ്വീകരിക്കാൻ വകുപ്പിനും സാധിക്കുന്നതാണ്.പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുന്ന പക്ഷം മാപ്പ് ചെയ്യപ്പെട്ട വീടുകളിൽ അടിയന്തിര സേവനം എത്തിക്കുന്നതിനും ഇത് പ്രയോജനപ്പെടുത്താവുന്നതാണ്.കൂടാതെ ,വകുപ്പിലെ ഏതൊരു ഫീൽഡ് തല ജീവനക്കാരനും ഇതിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഏതൊരു കർഷകന്റെ വീട്ടിലും ഭൂമിക മൊബൈൽ ആപ്പിന്റെ സഹായത്തോടു കൂടി കൃത്യമായി എത്തിച്ചേരാൻ കഴിയുന്നതാണ്. |
| (സി) | മൃഗചികിത്സാ സൗകര്യങ്ങൾ പര്യാപ്തമായ തോതിൽ വർദ്ധിപ്പിക്കാൻ വേണ്ട നടപടിയെടുത്തിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) | മൃഗചികിത്സ സൗകര്യങ്ങൾ പര്യാപ്തമായ തോതിൽ വർദ്ധിപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പിന് കീഴിലെ 25 വെറ്ററിനറി പോളി ക്ലിനിക്കുകളും 6 വെറ്ററിനറി ഹോസ്പിറ്റലുകളുമുൾപ്പെടെ 31 സ്ഥാപനങ്ങളിൽ 24 മണിക്കൂർ വെറ്ററിനറി സേവനം ആരംഭിച്ച് ഉത്തരവായിട്ടുണ്ട്. മൃഗാശുപത്രികളുടെ പ്രവർത്തന സമയ ശേഷം, മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് ആവശ്യമായ അടിയന്തിര മൃഗചികിത്സാ സേവനങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ നൽകുന്ന രാത്രികാല അടിയന്തിര വെറ്ററിനറി സേവനം പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ